ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിലുള്ള നിയമമനുസരിച്ച് മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ ഓരോ മാവേലിസ്റ്റോർ തുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒന്നിലധികം മാവേലി സ്റ്റോറുകൾ തുറക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**റേഷൻഷാപ്പുകളിലൂടെ വില്പന നടത്തുന്ന അരിയുടെ വില**

**146 (1061)** ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻഷാപ്പുകളിലൂടെ വില്പന നടത്തുന്ന അരിയുടെ വില എത്രയാണ് ;

(ബി) കഴിഞ്ഞ വർഷം വിലയുടെ തോത് എത്രയായിരുന്നു ;

(സി) റേഷൻ കടകളിൽ അരിയുടെ ചെലവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷവും ഈ വർഷവും തമ്മിൽ ചെലവ് എത്ര വ്യത്യാസം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

| | | |
|---|---|---|
| (എ) | എ. പി. എൽ. (നോർമൽ) | 11.90 രൂപ |
| | എ. പി. എൽ. (സംസ്ഥാന സബ്സിഡിയോടെ) | 10.00 രൂപ |
| | ബി. പി. എൽ. | 6.20 രൂപ |
| (ബി) | എ. പി. എൽ. അരി | 12.40 രൂപ |
| | എ. പി. എൽ. (സംസ്ഥാന സബ്സിഡി) | 11.40 രൂപ |
| | ബി. പി. എൽ. | 6.40 രൂപ |

(സി) ഉണ്ട്.

(ഡി) 1999 ജനുവരി മുതൽ ഡിസംബർ വരെ 1357782 മെ:ടൺ അരി ചെലവായി. 2000 ജനുവരി മുതൽ ഡിസംബർ വരെ 656618 മെ:ടൺ അരി ചെലവായി. 2000 വർഷത്തിൽ 701164 മെ:ടൺ അരിയുടെ ചെലവ് കുറഞ്ഞിട്ടുണ്ട്.

**അന്ത്യോദയ അന്നയോജന പദ്ധതി**

**147 (1082)** ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ അന്ത്യോദയ അന്നയോജന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തുള്ള എത്ര കുടുംബങ്ങൾക്ക് കിട്ടുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ;

(സി) എത്ര കുടുംബങ്ങൾക്ക് ഈ ആനുകൂല്യം കിട്ടാൻ അർഹതയുണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരുന്നു ;

(ഡി) ഈ പദ്ധതി പ്രകാരം കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നു അറിയിക്കുമോ ?

ഉത്തരം

(എ) 2,38,200 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടും.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ ഏറ്റവും താഴെ കിടക്കുന്ന 20 ശതമാനം ദരിദ്രർക്കുവേണ്ടിയുള്ള പരിപാടിയാണ് അന്ത്യോദയ അന്നയോജന.

(സി) കേന്ദ്രം മുകളിൽ പറഞ്ഞപ്രകാരം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) അരിക്ക് കിലോ ഒന്നിന് 3 രൂപയും ഗോതമ്പിന് കിലോ ഒന്നിന് 2 രൂപയും വില വച്ച് പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യം നൽകാനാണ് ഉദ്ദേശിക്കുന്നത്.

അന്നപൂർണ്ണ പദ്ധതി

148 (1083) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് കുറഞ്ഞ വിലയ്ക്ക് അരി നൽകുന്ന അന്നപൂർണ്ണ പദ്ധതി നിലവിൽ വന്നതെന്നാണ് ;

(ബി) ഈ പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കാനുള്ള അർഹതയുണ്ട് ?

ഉത്തരം

(എ) കേന്ദ്ര വയോജന പെൻഷൻ പദ്ധതിപ്രകാരം പെൻഷന് അർഹതയുള്ളവരും എന്നാൽ ഇപ്പോൾ പെൻഷൻ ലഭിക്കാതിരിക്കുന്നവരുമായ 65 വയസ്സിന് മുകളിലുള്ള വൃദ്ധജനങ്ങൾക്ക് മാസംതോറും 10 കിലോ അരി സൗജന്യമായി നൽകുന്ന ഒരു പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. ഇത് 14-2-2001 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നു.

(ബി) കേന്ദ്ര സർക്കാർ കണക്കുകൾ പ്രകാരം 44980 പേർക്ക് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly